K17U 1079

Reg. No.: ..............................

Name : ..................................

GOVT. BRENNEN COLLEGE
CENTRAL LIBRARY
THALASSERY

## II Semester B.A./B.Sc. Degree (C.B.C.S.S. – Reg./Supple./Imp.) Examination, May 2017
## COMMON COURSE IN MALAYALAM
## 2A08 MAL : Gadya Roopangal
## (2016 Admn. Onwards)

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ആശാന്റെയും വാത്മീകിയുടെയും സീതയെ സ്ത്രീപക്ഷത്തുനിന്നുകൊണ്ട് വായിക്കുകയാണ് മാരാർ ചെയ്യത് – ചർച്ച ചെയ്യുക.

2) സ്വപ്നവാസവദത്തത്തിലെ നാടകീയതയെക്കുറിച്ച് ഉപന്യസിക്കുക.

3) കാസർകോഡിന്റെ ജീവരക്തം മലീമസമാക്കിയ എൻഡോസൾഫാനെതിരായ സാധാരണ മനുഷ്യന്റെ മുറവിളിയാണ് 'എന്മകജെ'. പരിശോധിക്കുക.

4) ചങ്ങമ്പുഴയുടെ സാഹിത്യ പരിശ്രമങ്ങളിലേക്ക് വെളിച്ചം വീശുന്ന ബാല്യകാല സ്മരണകളാണ് 'തുടിക്കുന്ന താളുകളി'ൽ നിറഞ്ഞു നിൽക്കുന്നത്. ചർച്ച ചെയ്യുക.

**(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) ''ആരുവാങ്ങുമിന്നാരുവാങ്ങുമി –
ന്നാറുകാശിന്റെ കടലയ്ക്കാ'' – എന്ന വരികൾ കവിയിലുണർത്തുന്ന സ്മരണയെന്ത് ?

6) വൃക്ഷത്തിൽ തൂങ്ങിനിൽക്കേണ്ടിവന്ന ചങ്ങമ്പുഴയുടെ സ്കൂൾ അനുഭവമെഴുതുക.

7) 'സ്വപ്ന വാസവദത്തം' എന്ന പേര് അർത്ഥഗർഭമായിത്തീരുന്നതെങ്ങനെ ?

8) 'വാസവദത്ത' എന്ന കഥാപാത്രത്തിന് നാടകത്തിലുള്ള പ്രാധാന്യം എഴുതുക.

9) സമകാലിക മുതലാളിത്തത്തിന്റെയും ജീർണ്ണിച്ച രാഷ്ട്രീയബോധത്തിന്റെയും പ്രതീകമാണ് 'എന്മകജെ'യിലെ 'നേതാവ്' – ചർച്ച ചെയ്യുക.

10) 'രാജാധികാരത്തിനു വേണ്ടി, ഗുണങ്ങൾ തികഞ്ഞ ഒരാൾ പോലും മനുഷ്യോചിതമല്ലാത്ത പ്രവൃത്തി ചെയ്യേക്കുമെന്ന സത്യത്തെ ഉദാഹരിക്കുന്ന ഒരേയൊരാദർശ രാജാവാണ് വാത്മീകിയുടെ രാമൻ' – വിശദീകരിക്കുക.

**(4×3=12)**

P.T.O.

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) 'സുതർ മാമുനിയോടയോദ്ധ്യയിൽ –
ഗതരായോരളവന്നൊരന്തിയിൽ'' – സീതക്കുണ്ടായ മനോവ്യാപാരത്തിനു
കാരണമെന്ത് ?

12) 'ആവതില്ലാഞ്ഞു ഞാൻ സ്വാമിൻ, ഗാത്രസ്പർശമേൽക്കിലും
അതെന്മനസാലല്ലല്ലോ, കുറ്റം ദൈവത്തിനാണതിൽ' വാത്മീകിയുടെ ഈ
പരാമർശത്തിനു സമാനമായി ഗണിക്കാവുന്ന ആശാന്റെ പരാമർശമേത് ?

13) യൗഗന്ധരായണന്റെ രാജ്യതന്ത്രം വിശദമാക്കുക.

14) കാലത്തിന്റെ മാറ്റം ചക്രത്തിലെ ആരക്കാലുകളുടെ മറിച്ചിലിനു
തുല്യമാണെന്നുപമിക്കുന്ന ഭാസന്റെ പ്രയോഗസാരസ്യം വിശദീകരിക്കുക.

15) പൂർവ്വകാലത്ത് 'എന്മകജെ'യിലെ മനുഷ്യരും പ്രകൃതിയും തമ്മിലുള്ള
ബന്ധമെങ്ങനെയായിരുന്നു ?

16) 'എന്മകജെ' എന്ന നോവലിലെ എൻഡോസൾഫാൻ വിരുദ്ധപ്രതിനിധികളാരെല്ലാം ?

**(4×2=8)**

IV. ഒറ്റവാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) ചങ്ങമ്പുഴ ഒളിച്ചോടിപ്പോയത് ഏത് ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ?

18) 'വാ കീറിയ ദൈവം ഇരയും കൊടുക്കും. നീ എവിടെയെങ്കിലും അതിനെ കളഞ്ഞിട്ട്
വാ'' എന്ന് പറയുന്നതാര് ?

19) ഇടപ്പള്ളിയിൽ വന്നെത്തിയിരുന്ന ഗോസായിമാർക്ക് താമസിക്കാനായി രാജാവ്
നൽകിയിരുന്ന ഹാളിന്റെ പേരെന്ത് ?

20) 'അന്നത്തെ സമ്മേളനത്തിൽ കൗപീനമാത്രധാരിയായി നിന്നു കൊണ്ട് കാര്യദർശി
മിനിട്ട്സ് വായിച്ചു' ആരായിരുന്നു കാര്യദർശി ?

21) 'ഭാരതപര്യടനം' എഴുതിയതാര് ?

22) സ്വപ്നവാസവദത്തത്തിലെ വാസവദത്തയുടെ വളർത്തമ്മയുടെ പേരെന്ത് ?

23) 'ജന്തുവിന്നു തുടരുന്നു വാസനാ –
ബന്ധമിങ്ങുടലു വീഴുവോളവും' – ഏത് കൃതിയിലെ വരികൾ ?

24) 'സ്പന്ദിക്കുന്ന അസ്ഥിമാടം' എഴുതിയതാര് ?

**(6×1=6)**

---